(ബി) പ്രസ്തുത അപേക്ഷകൾ കേരള സാമൂഹ്യ സുരക്ഷാ മിഷന് നൽകിയിരുന്നു. രണ്ട് അപേക്ഷകളിലും ഉൾപ്പെട്ട കുട്ടികൾ മാതാവും പിതാവും മരണപ്പെട്ടവരാണ്. മാതാവോ പിതാവോ മരണപ്പെട്ട നിർദ്ധനരായ ഗവ./എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ വിദ്യാഭ്യാസ ധനസഹായമായി സ്നേഹപൂർവ്വം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2014-15 അദ്ധ്യയന വർഷം മുതൽ സ്നേഹപൂർവ്വം പദ്ധതി അപേക്ഷകൾ കുട്ടികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന ഓൺലൈൻ ആയി മാത്രമാണ് സ്വീകരിക്കുന്നത്. അതനുസരിച്ച് അപേക്ഷകൾ വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന ഓൺലൈനായി സമർപ്പിക്കുന്നതിന് അപേക്ഷകർക്ക് മറുപടി നൽകിയിട്ടുണ്ട്. അപേക്ഷകർക്ക് യഥാസമയം മറുപടി നൽകിയതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ.യ്ക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും മറുപടി നൽകിയിരുന്നില്ല.

(സി) കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും അപേക്ഷകർക്ക് ഇക്കാര്യത്തിൽ അവർ പാലിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് മറുപടി നൽകിയിട്ടുള്ളതാണ്. എം.എൽ.എ.യ്ക്ക് മറുപടി നൽകാത്തതിന് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന സ്നേഹപൂർവ്വം പദ്ധതിയുടെ അപേക്ഷകൾ വിദ്യാർത്ഥി പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന ഓൺലൈനായിട്ടാണ് സമർപ്പിക്കേണ്ടത്. ഈ വർഷത്തെ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 15-1-2016 വരെ ദീർഘിപ്പിച്ചിരുന്നു. കുട്ടികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്ന് ഇപ്പോൾ പരിശോധിക്കുവാൻ നിർവ്വാഹമില്ല. പ്രസ്തുത വിദ്യാർത്ഥികളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിഗണിച്ച് പദ്ധതി മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതാണ്.

അങ്കമാലി നിയോജകമണ്ഡലം

57 (1797) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മാമ്പ്രകരയിൽഎരയാംകുടി കരയിൽ കുന്നപ്പിള്ളി വീട്ടിൽ ശാന്ത സുബ്രഹ്മണ്യൻ, തുറവൂർ പഞ്ചായത്തിൽ ആനപ്പാറ കരയിൽ വടക്കുംതല വീട്ടിൽ ജോൺസൺ, പാറക്കടവ് പഞ്ചായത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കുറുമശ്ശേരി കരയിൽ പന്തലാക്കൽ വീട്ടിൽ രജിത എന്നിവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും യഥാക്രമം അൻപതിനായിരം, ഒരു ലക്ഷം, ഒരു ലക്ഷം രൂപ വീതം അനുവദിച്ചുവെങ്കിലും ആയത് ലഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇത് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായം

58 (1798) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുന്നത് മുടങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) തടസ്സം നീക്കി അർഹരായ എല്ലാ അപേക്ഷകർക്കും തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly